# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:212 **08.07.2015 - ൽ മറുപടിക്ക്**

## പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതിരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൈപ്പുകൾ കാലോചിതമായും ഘട്ടം ഘട്ടമായും മാറ്റി സ്ഥാപി ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ശുദ്ധജലവിതരണത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി ഗുണനിലവാരമില്ലാത്ത പൈപ്പുകൾ മാറ്റേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി ഓരോ വർഷവും പഴകിയതും ഉപയോഗശൂന്യവുമായ ശരാശരി 10% പൈപ്പുകൾ മാറ്റുവാൻ ലക്ഷ്യമിട്ടിരിയ്ക്കുന്നു. കേരള വാട്ടർ അതോറിറ്റി, ഡിവിഷൻ തലത്തിൽ ഇത്തരത്തിൽ മാറ്റിയിടേണ്ട പൈപ്പുകളുടെ വിവരങ്ങൾ ശേഖരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റി/സർക്കാർ തലത്തിൽ ഭരണാനുമതി നേടി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്.<br>കമ്മീഷൻ ചെയ്യപ്പെട്ട വിവിധ ശുദ്ധജലവിതരണ പദ്ധതികളുടെ കേടായ ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റിമെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി സർക്കാർ ഓരോ വർഷവും ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ഉപയോഗിച്ചും (ഈ വർഷം 9500.00 ലക്ഷം പൈപ്പുകളുടെ കാലപ്പഴക്കം മൂലം ജലവിതരണം തടസ്സപ്പെടുന്ന അടിയന്തിരഘട്ടങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, എം.എൽ.എ.ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട് എന്നിവ ലഭ്യമാക്കിയും പൈപ്പുകൾ മാറ്റി സ്ഥാപിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റ പണി നടത്തുന്നതിന് ടാക്സ് ഫോഴ്സിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (ബി) | പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇപ്പോൾ ബ്ലൂ ബ്രിഗേഡ് സംവിധാനം തിരുവനന്തപുരം, കോഴിക്കോട്, എന്നിവിടങ്ങളിൽ നിലവിലുണ്ട്. മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് 24X7 സമയം പ്രവർത്തിക്കുന്ന സംവിധാനമൊരുക്കുമോ; ടോൾ ഫ്രീ നമ്പർ നൽകുമോ ? | (സി) | തിരുവനന്തപുരം പി.എച്ച്. ഡിവിഷനു കീഴിൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും 24 മണിക്കൂർ ഹെൽപ് ലൈൻ സംവിധാനവും ലഭ്യമാണ്.<br>നമ്പർ - 0471-2322674, 8547638181<br>സംസ്ഥാനാടിസ്ഥാനത്തിൽ പരാതികൾ സ്വീകരിക്കുന്നതിനായി രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിക്കുന്ന 1800 4255 313 എന്ന ടോൾഫ്രീ നമ്പർ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ